**<u>നമ്പർ 136/ക്യാമ്പ്/ഡിജിപി (പ്രിസൺസ്)/2014</u>**

ജയിൽആസ്ഥാന കാര്യാലയം
തിരുവനന്തപുരം - 12
തീയതി28/06/2014

**<u>സർക്കുലർ നമ്പർ 31/2014</u>**

**വിഷയം: ജയിലുകളിലെ ദേഹപരിശോധന നടപടിക്രമം സംബന്ധിച്ച്.**

തടവുകാരെ ജയിലുകളിൽ പ്രവേശിപ്പിക്കുമ്പോഴും, പുറത്ത് അയയ്ക്കുമ്പോഴും അവരുടെ ദേഹപരിശോധന നടത്തി നിയമവിരുദ്ധമായ വസ്തുക്കളൊന്നും തന്നെ ഒളിപ്പിച്ച് കടത്തുന്നില്ലായെന്ന് ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം ഇത്തരം ദേഹപരിശോധന തടവുകാരന്റെ മൗലികമായ സ്വകാര്യതയെ ധ്വംസിക്കാത്ത വിധത്തിലായിരിക്കണം നടത്തേണ്ടത്. ആയതിനാൽ അടിയന്തിരമായി എല്ലാ ജയിലുകളിലും തടവുകാരുടെ ദേഹപരിശോധന നടത്തുന്നതിനായി ഓരോ ക്യൂബിക്കിൾ ഉണ്ടാക്കേണ്ടത് ആവശ്യമാണ്. ആശുപത്രികളിൽ ചില രോഗികളുടെ സ്വകാര്യതയ്ക്കുവേണ്ടി ഉപയോഗിക്കുന്ന വിധം (ആവശ്യം കഴിഞ്ഞാൽ മുഴുവൻ ഒറ്റ നിരയിൽ നിരത്തി വെയ്ക്കാവുന്നത്) താല്ക്കാലികമായതും, എടുത്തുമാറ്റാവുന്നതുമായ (പ്രീ ഫാബ്രിക്കേറ്റഡ്) ക്യൂബിക്കിൾ തയ്യാറാക്കി സുതാര്യമല്ലാത്ത തുണി ഉപയോഗിച്ച് നാല് വശങ്ങളും മറച്ച് അതിനുള്ളിൽ വെച്ച് ദേഹപരിശോധന നടത്താവുന്നതാണ്. നാലോ, അഞ്ചോ പേർക്ക് നിൽക്കാവുന്ന വലിപ്പമുള്ള ക്യൂബിക്കിളുകളാണ് ഉണ്ടാക്കേണ്ടത്. പുരുഷന്മാർക്കു വേണ്ടി ഉണ്ടാക്കുന്ന ക്യൂബിക്കിളുകൾ 4 അടി മുതൽ 5അടി വരെ പൊക്കമുണ്ടാകേണ്ടതാണ്. 5അടി നീളം, 4അടിവീതി, നാലര അടി ഉയരം എന്നീ വിധത്തിലുള്ള ക്യൂബിക്കിളുകൾ ഉണ്ടാക്കി വശങ്ങൾ സുതാര്യമല്ലാത്ത തുണി കൊണ്ട് മറച്ച് അതിനുള്ളിൽ വെച്ച് ദേഹപരിശോധന നടത്തിയാൽ തടവുകാരന്റെ മാന്യത സംരക്ഷിച്ചു കൊണ്ടു തന്നെ ദേഹപരിശോധന നടത്താനാകും. വസ്ത്രമുരിഞ്ഞുള്ള പരസ്യമായ ദേഹപരിശോധന തീർത്തും ഒഴിവാക്കേണ്ടതാണ്. ആയതിനാൽ എല്ലാ ജയിൽ സൂപ്രണ്ടുമാരും ടി നിർദ്ദേശം നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ടി പി സെൻകുമാർ ഐ പി എസ്**
ഡയറക്ടർ ജനറൽഓഫ് പ്രിസൺസ്&
കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ പ്രിസൺ ഡി ഐ ജിമാർക്കും
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും



4.5 Feet
4 Feet
5 Feet
4 Feet
5 Feet